വിദ്യാഭ്യാസം

**മുഹമ്മദ് സഗീർ മൗലവി**

# മദ്റസാപ്രസ്ഥാനത്തിന്റെ ചരിത്രം

അന്ധകാരാവൃതമായ കേരളത്തിന്റെ മതാന്തരീക്ഷത്തെ പ്രകാശമാനമാക്കുന്നതിൽ ഇസ്‌ലാഹീ പ്രസ്ഥാനം വഹിച്ച പങ്ക് നിസ്തുലമാണ്. കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന മദ്റസാസമ്പ്രദായത്തിൽ പ്രസ്തുത പ്രസ്ഥാനം വരുത്തിയ വിപ്ലവാത്മകമായ പരിഷ്കരണങ്ങൾ അവയിൽ എടുത്തുപറയത്തക്കതായി തോന്നുന്നു. ഈ പരിഷഷ്കരണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് മനസ്സിലാക്കാൻ പ്രാചീനകേരളത്തിൽ നിലവിലുണ്ടായിരുന്ന മദ്റസാ സമ്പ്രദായത്തെക്കുറിച്ച് സാമാന്യ ധാരണയുണ്ടായിരിക്കേണ്ടതുണ്ട്.

## ഓത്തുപള്ളി

മണ്ണിന്റെ ഒരു തറ, ചുറ്റും മറയില്ലാതെ മേൽക്കൂര മാത്രം, അഞ്ചാറു കാലുകളിൽ കെട്ടിയുണ്ടാക്കിയ ഒരു ചെറ്റപ്പുര- ഇത്രയുമായാൽ അന്നത്തെ മദ്റസയുടെ ഏറ്റവും ഉയർന്ന ബിൽഡിംഗായി. അതിലേക്ക് ആവശ്യമായ ഉപകരണങ്ങൾക്കും പ്രയാസമില്ല. ഏതാനും പലകകളും കുറച്ച് കല്ലുകളുമാണ് ആവശ്യം. പലകയുടെ രണ്ടറ്റവും കല്ലുകളിന്മേൽ വെക്കും. അതാണ് ബെഞ്ച്. ഇതുകൂടാതെ ബോർഡോ മേശയോ ഓത്തുപള്ളിയെന്ന പേരിൽ അറിയപ്പെട്ടിരുന്ന അന്നത്തെ മദ്റസക്ക് ആവശ്യമുണ്ടായിരുന്നില്ല. നാട്ടുകാരുടെ പൊതു ഉടമയിലായിരുന്നില്ല ഇത്തരം ഓത്തുപള്ളികൾ. മൊല്ലാക്ക അദ്ദേഹത്തിന്റെ സ്വന്തം സ്ഥലത്ത് കെട്ടിയുണ്ടാക്കിയും അല്ലെങ്കിൽ വീട്ടിൽവെച്ചും ഓത്തുപള്ളി നടത്താറായിരുന്നു പതിവ്. ചിലേടത്തൊക്കെ സ്രാമ്പികൾ അല്ലെങ്കിൽ തയ്ക്കാവുകളായിരുന്നു ഇതിനു ഉപയോഗിക്കപ്പെട്ടിരുന്നത്.

ചേടിമണ്ണ് തേച്ചുണക്കിയ പലകയുമായി കുട്ടികൾ രാവിലെതന്നെ ഓത്തുപള്ളിയിലെത്തും. ഓത്തുപള്ളിയിൽ കയറിയിരുന്ന് അലിഫിന് അ, അയ്നു ഉ, വാനീട്ട്, ദാൽനു ദു അഊദു. ബാക്ക് ബി, ലാമിന് ശദ്ദും നീട്ടും വന്നു, ഹാക്കു ഹി അഊദു ബില്ലാഹി എന്നിങ്ങനെ ഓതിത്തുടങ്ങും. വായിച്ചൂട്ടി ഓത്ത് എന്നായിരുന്നു ഇതിന്റെ പേര്. ഫത്ഹ്, കസ്ർ എന്നീ ഹർക്കത്തുകൾക്ക് പകരം 'വെട്ടറാപ്പ്', 'വളഞ്ഞെറാപ്പ്', 'നീട്ടെറാപ്പ്' എന്നൊക്കെയായിരുന്നു ഉപയോഗം.

ഓത്തിനു ചേർക്കുമ്പോൾ ഒരു റുപ്പിക. ഇടക്കാലാശ്വാസമെന്ന നിലക്ക് വ്യാഴാഴ്ച മുക്കാൽ, 'മുസാകി(മുസ്ഹഫ്)ലാ'ക്കുമ്പോൾ ഒരു റുപ്പിക, പെരുന്നാട്ടരി ഇങ്ങനെ പല ജാതി പിരിവുകളായിരുന്നു മൊല്ലാക്കയുടെ അന്നത്തെ വേതനം.

ഓരോരുത്തരുടെയും പലകയിൽ മൊല്ലാക്കതന്നെ എഴുതിക്കൊടുക്കും. ഓരോരുത്തർക്കും പ്രത്യേകം പാഠമായിരിക്കും. ഒരു നീണ്ട കാലം കൊണ്ടു മാത്രമേ ഖുർആൻ വായിക്കാൻ തന്നെ പഠിക്കൂ. അതു കഴിഞ്ഞ് പള്ളി ദർസിൽനിന്ന് ഓതുവാനുള്ള ഭാഗ്യം അൽപം ചിലർക്കു മാത്രമേ ലഭിച്ചിരുന്നുള്ളൂ. അതും 'പത്ത് കിതാബ്' തുടങ്ങി ഏതാനും ചില ചെറിയ കിതാബുകൾ മാത്രം. ദീനിനെ സംബന്ധിച്ച വിശദമായ വിജ്ഞാനം അതിൽനിന്നെങ്ങനെയും പ്രതീക്ഷിക്കാമായിരുന്നില്ല. ഖുർആന്റെ അർഥം പഠിക്കുന്നത് പോകട്ടെ, നഹ്‌വിന്റെയോ മറ്റോ കിതാബിൽ വല്ല ആയത്തും ഉദാഹരണത്തിന് വന്നാൽ അതിന്റെ അർഥം പോലും പറഞ്ഞുകൊടുത്തിരുന്നില്ല. ഖുർആൻ അല്ലാത്ത മറ്റു പദ്യശകലങ്ങളും പഴമൊഴികളും വന്നാൽ അർഥം പറഞ്ഞുകൊടുക്കുമെങ്കിലും ഖുർആൻ ആയത്ത് ഉദാഹരണത്തിന് എന്ന് മാത്രം പറഞ്ഞു വിടാറായിരുന്നു മുദർരിസിന്റെ പതിവ്.

പള്ളിദർസുകളിൽ ചൊല്ലിക്കൊടുത്തിരുന്ന മുസ്‌ല്യാന്മാർ 99 ശതമാനവും മലയാളം അറിഞ്ഞുകൂടാത്തവരായിരുന്നതുകൊണ്ട് രസകരമായ പല പ്രയോഗങ്ങളും ഈ ദർസുകളിൽ പ്രചാരത്തിലുണ്ടായിരുന്നു. ഉദാഹരണത്തിന് ചില വാക്കുകൾ ഇവിടെ കൊടുക്കുന്നു: ഞെട്ടുറുമ=കുറ്റം. ഞെട്ടാന്തരം=അമാനുഷികത. നുറുമ്പീര്യായിരം=അക്രമം. എളക്കറായിമ=അത്യാവശ്യം. ഇങ്കിരിയപ്പാട്=ശിക്ഷ. വളുതം=കളവ്. എടംതട്ടിക്കൽ=പരീക്ഷ. വട്ടുറുമ=വ്യവസ്ഥ. നാട്ടുവർത്തമാനങ്ങളിൽ കുറ്റം, അമാനുഷികത എന്നൊക്കെ മടികൂടാതെ പറഞ്ഞിരുന്നെങ്കിലും പള്ളിയിൽ കയറി കിതാബ് തുറക്കുമ്പോൾ അതേ വാക്കുകൾ 'ഞെട്ടുറുമ'യും 'ഞെട്ടാന്തര'വുമായി പരിണമിക്കും. ഇങ്ങനെയൊക്കെ പറഞ്ഞു ശീലിച്ചതുകൊണ്ട് സാധാരണക്കാരിലേക്കിറങ്ങിച്ചെന്ന് പ്രസംഗിക്കാനും എഴുതാനും കഴിവുണ്ടായിരുന്നില്ലെന്നത് ഒരു സത്യമായിരുന്നു.

## പരിഷ്കരണ സംരംഭം

പള്ളിദർസിൽ ഒരു വിദ്യാർഥി വളരെ നാളുകൾ പഠനത്തിനുവേണ്ടി ചെലവഴിക്കുന്നു. ഒരു സ്കൂൾ വിദ്യാർഥിയാകട്ടെ അതിന്റെ പകുതി പോലും പഠനത്തിനുവേണ്ടി ചെലവഴിക്കുന്നില്ല. എന്നിട്ടും സ്കൂൾ വിദ്യാർഥിക്ക് താൻ പഠിച്ച ഭാഷകളിൽ, അവ അന്യങ്ങളായാലും, പ്രസംഗിക്കാനും എഴുതാനും പ്രയാസം കാണുന്നില്ല. പള്ളിദർസിൽനിന്ന് വളരെക്കാലം അറബി കിതാബുകൾ വായിച്ചതിനു ശേഷവും അറബിയിൽ പ്രസംഗിക്കാനോ എഴുതാനോ എന്തുകൊണ്ട് സാധിക്കുന്നില്ല? അന്നത്തെ ഉൽപതിഷ്ണുക്കളായ പണ്ഡിതന്മാരുടെ ഗാഢശ്രദ്ധക്ക് വിഷയീഭവിച്ച ഒരു പ്രശ്നമായിരുന്നു ഇത്. പലരും ഇതിനെ സംബന്ധിച്ച് ചിന്തിക്കാൻ തുടങ്ങി. തദാവശ്യാർഥം കോഴിക്കോട്ടെ ചില പൗരപ്രധാനികൾ ഒരു ചർച്ചായോഗത്തിന് ഒരുക്കം കൂട്ടി. മുസ്‌ലിംകളിലെ പ്രധാന പണ്ഡിതന്മാരും പൗരപ്രധാനികളും അതിൽ ക്ഷണിക്കപ്പെട്ടിരുന്നു. 1912-ൽ കോഴിക്കോട് കുറ്റിച്ചിറയിൽ ചേർന്ന പ്രസ്തുത യോഗത്തിന്റെ സൂത്രധാരകൻ അന്നത്തെ ഡെപ്യൂട്ടി ഇൻസ്പെക്ടറായിരുന്ന ബാവ മാസ്റ്ററായിരുന്നുവെന്നാണ് ഓർമ. കട്ടിലശ്ശേരി ആലിമുസ്‌ലിയാർ, ഒരു നല്ല ചിന്തകനും പണ്ഡിതനുമായിരുന്ന മൗലാനാ ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജി, പ്രധാന ശിഷ്യന്മാരായ കെ.എം മൗലവി, പി.കെ. മൂസാ മൗലവി തുടങ്ങിയവർ അവിടെ പങ്കെടുത്ത പണ്ഡിതന്മാരിൽ പ്രധാനികളത്രെ.

ചർച്ചായോഗത്തിൽ പ്രശ്നം അവതരിപ്പിക്കപ്പെട്ടു. ഇംഗ്ലീഷ് പഠിച്ചവർ ആ ഭാഷ കൈകാര്യം ചെയ്യുന്നതുപോലെ അറബി കിതാബ് ഓതിയ വലിയ മുസ്‌ല്യാന്മാർക്ക് പോലും എന്തുകൊണ്ട് അറബിഭാഷ കൈകാര്യം ചെയ്യാൻ കഴിയുന്നില്ല. പ്രസംഗിക്കാനും എഴുതാനും കഴിവുണ്ടാകണമെങ്കിൽ പഠനരീതിയിൽ എന്തെന്തു മാറ്റങ്ങൾ വരുത്തണം എന്നതായിരുന്നു ചർച്ചാ വിഷയം. മൗലാനാ കുഞ്ഞഹ്മദ് ഹാജിയുടെ നിർദേശമനുസരിച്ച് തന്റെ പ്രധാന ശിഷ്യനായ കെ.എം മൗലവി നിലവിലുള്ള പഠനപദ്ധതിയുടെ പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും പുതിയ ചില പഠനരൂപങ്ങൾ സദസ്സിൽ സമർപ്പിക്കുകയും ചെയ്തു. പഠനരീതിയെ സംബന്ധിച്ചേടത്തോളം സമൂലമായ ഒരു പരിവർത്തന നിർദേശമായിരുന്നു അത്.

ഈ യോഗം കഴിഞ്ഞ ശേഷം കൊയപ്പത്തൊടി മുഹമ്മദുകുട്ടി ഹാജി വാഴക്കാട് ദാറുൽ ഉലൂമിൽ പുതിയ രീതിയിൽ ക്ലാസ്സുകൾ തുടങ്ങാൻ മൗലാനാ കുഞ്ഞഹ്മദ് ഹാജിയോടാവശ്യപ്പെട്ടു. പരിവർത്തനം ക്രമത്തിലായാൽ മതിയെന്നായിരുന്നു മൗലാനായുടെ പക്ഷം. കൊയപ്പത്തൊടി അതിനു വഴങ്ങിയില്ല. രണ്ടു ഭാഗത്തും എഴുതാവുന്ന ബോർഡ്, ഡെസ്ക്, ബെഞ്ച്, മേശ എന്നീ ആധുനികോപകരണങ്ങൾ അദ്ദേഹം സജ്ജമാക്കി, ദാറുൽ ഉലൂമിൽ അന്നുണ്ടായിരുന്ന ദർസിനു പകരം പുതിയ രീതിയിൽ ക്ലാസ്സുകൾ നടത്തിത്തുടങ്ങി. ആരംഭത്തിൽ മൂന്ന് ക്ലാസ്സുകളാണുണ്ടായിരുന്നത്. ഓരോ വിഷയത്തിനും ഓരോ 'പീര്യഡു' നിശ്ചയിച്ചതും ഡെസ്ക്, ബെഞ്ച്, ബോർഡ് തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ചതും അന്ന് പുതുമയായിരുന്നു. കെ.എം മൗലവി, ഇ. മൊയ്തു മൗലവി, ഹസൻ ഹാജി, പി.കെ മൂസാ മൗലവി തുടങ്ങിയവരായിരുന്നു മദ്റസയിലെ അധ്യാപകർ. സാധാരണ വിഷയങ്ങൾക്കു പുറമെ മലയാളവ്യാകരണം കൂടി അവിടെ പഠിപ്പിച്ചുവന്നു. അറബിയിൽ പ്രസംഗിക്കുന്നതിനും എഴുതുന്നതിനും വിദ്യാർഥികൾക്ക് പരിശീലനം നൽകിയിരുന്നു.

മൗലാനാ കുഞ്ഞഹമ്മദ് ഹാജി അവിടെ വെച്ച് തന്റെ പുതിയ പദ്ധതിയനുസരിച്ചുള്ള പുസ്തകങ്ങൾ തയാറാക്കാനാരംഭിച്ചു. അറബിഭാഷയിലും വ്യാകരണ ശാസ്ത്രത്തിലും പ്രത്യേകം പുസ്തകങ്ങളെഴുതി. മുസ്‌ലിംകൾക്കിയിൽ സാധാരണ ഉപയോഗിച്ചിരുന്ന അറബിമലയാള ലിപിയിൽ മലയാളത്തിലുള്ള പല അക്ഷരങ്ങളും ഉണ്ടായിരുന്നില്ല. അക്കാരണത്താൽ 'കോഴി'യെ 'കോശി'യും 'ഭാഗ'ത്തെ 'ബാഗ'വും 'രണ്ടി'നെ 'ലണ്ടും' ആക്കി എഴുതുകയും വായിക്കുകയുമായിരുന്നു പതിവ്. ഇത് പരിഷ്കരിച്ച് അറബിമലയാളത്തിൽ പുതിയ അക്ഷരങ്ങൾ ആവിഷ്കരിച്ചത് മൗലാനാ കുഞ്ഞഹമ്മദ് ഹാജിയായിരുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായി അന്നുവരെ പള്ളി ദർസുകളിൽ ഉപയോഗിച്ചിരുന്ന 'നുറുമ്പിര്യായിരം' തുടങ്ങിയ വാക്കുകൾ പുറംതള്ളി മലയാളത്തിലെ പുതിയ പ്രയോഗങ്ങൾ ഉപയോഗിച്ചുതുടങ്ങി. നഹ്‌വ്, ഫിഖ്ഹ്, തസ്വവ്വുഫ് മുതലായ വിജ്ഞാനശാഖകൾക്ക് പുറമെ മൻതിഖ്, മആനി എന്നീ പുതിയ വിജ്ഞാനശാഖകൾ മലബാറിൽ പ്രചാരത്തിൽ വന്നതു തന്നെ മൗലാനയുടെ ശ്രമഫലമായാണ്.

പുതിയ മദ്റസാ പഠനരീതി യാഥാസ്ഥിതിക പണ്ഡിതന്മാർക്കൊട്ടും പിടിച്ചില്ല. ഡെസ്കും ബെഞ്ചും കണ്ടപ്പോൾ തുടങ്ങി അവരുടെ വെപ്രാളം. ഈ 'പുത്തൻ പ്രസ്ഥാനത്തി'നെതിരിൽ അവർ വാളെടുത്തു. ബോർഡിന്മേൽ ഖുർആനെഴുതി മായ്ക്കുമ്പോൾ ചോക്കുപൊടി നിലത്തുവീഴുന്നത് ഖുർആനിനെ അപമാനിക്കലാണെന്നായിരുന്നു അവരുടെ വിധി. വഖ്ഫിന്റെ സ്വത്ത് ഇത്തരം മദ്റസാപഠനത്തിന് ഉപയോഗിക്കാൻ പാടില്ലാത്തതാണെന്നുകൂടി അവർ വാദിച്ചു. മൗലാനാ രൂക്ഷമായി വിമർശിക്കപ്പെട്ടു. മദ്റസാ പ്രസ്ഥാനം മുളയിൽതന്നെ നുള്ളിക്കളയാൻ വേണ്ടുന്നതെല്ലാം അവർ നടത്തി. കൊയപ്പത്തൊടിയിലും യാഥാസ്ഥിതിക പണ്ഡിതന്മാരുടെ ഉപജാപങ്ങൾ സ്വാധീനം

ചെലുത്താതിരുന്നില്ല. കൊയപ്പത്തൊടി മൗലാനായോടു നേരിട്ട് ഒന്നും പറഞ്ഞിരുന്നില്ലെങ്കിലും എന്തോ മനപ്രയാസമുണ്ടെന്ന് മനസ്സിലാക്കി മൗലാനാ ഉടനെ ദാറുൽ ഉലൂമിൽനിന്ന് സ്വദേശത്തേക്ക് പോയി. പിന്നെ അദ്ദേഹം വാഴക്കാട്ട് വന്നില്ല.

ഹി. 1334-ൽ മൗലാനാ കുഞ്ഞഹമ്മദ് ഹാജി പുളിക്കൽ നിന്ന് അച്ചടിച്ച് പ്രസിദ്ധം ചെയ്ത ഒരു നോട്ടീസിൽ ദർസ് പരിഷ്കരണ സംരംഭത്തിൽ തനിക്ക് നേരിടേണ്ടിവന്ന എതിർപ്പുകളെ ഭംഗിയായി വിശകലനം ചെയ്തത് കാണാം. പ്രസ്തുത നോട്ടീസിൽ ഒരിടത്ത് ഇപ്രകാരം പറയുന്നു:

"ന്യായമായ ഒരു മലയാള വാചകം എഴുതിയോ പറഞ്ഞോ തന്നാൽ അതിന്റെ ശരിയായ അറബി വാക്ക് ഇന്നതാണെന്ന് പറവാൻ എന്നാൽ സാധിക്കുന്നില്ല. എന്നിരിക്കുമ്പോൾ അറബിവാചകങ്ങളുടെ ശരിയായ അർഥങ്ങൾ ഇന്നതാണെന്ന് ഖണ്ഡിതമായി പറയാൻ ഞങ്ങളാൽ എങ്ങനെ കഴിയും? ഇതും നല്ലവണ്ണം ആലോചിക്കേണ്ടുന്ന ഒന്നാണ്. ഈ വക സംഗതികളെല്ലാം ആലോചിച്ച് മിസ്ർ, ബൈറൂത്ത്, ലാഹോർ, അലീഗഢ്, ദഹ്‌ലി മുതലായ ദിക്കുകളിലെ മദ്‌റസകളിൽ ഇപ്പോഴത്തെ പുതിയ പരിഷ്കാര പ്രകാരം ഉണ്ടാക്കപ്പെട്ട ഏതാനും പുതിയ പാഠ കിതാബുകളെയെല്ലാം വരുത്തി അവിടങ്ങളിലെ പോലെത്തന്നെ ഇവിടെയും ആ പുതിയ സമ്പ്രദായത്തിൽ ഒരു പഠിപ്പ് തുടങ്ങിയാൽ കൊള്ളാമെന്ന് കുറേക്കാലം മുമ്പായിതന്നെ വിചാരിച്ചുവരുന്നുണ്ടായിരുന്നു. വാഴക്കാട്ടെ മദ്‌റസയിൽ അങ്ങനെ ഒരു പഠിപ്പ് തുടങ്ങിയിട്ടുമുണ്ടായിരുന്നു. പക്ഷേ, ചില മുസ്‌ല്യാന്മാരുടെ ദുരുപദേശത്താലും മറ്റും അതിന് സൗകര്യക്കുറവ് നേരിട്ടതിനാൽ തൽക്കാലം ഉപേക്ഷിച്ചുകളഞ്ഞു. പിന്നീട് വളപട്ടണം, കണ്ണൂർ, വടകര മുതലായി ഒരഞ്ചെട്ട് ദിക്കുകളിൽ പുതുതായി ആ വക മദ്‌റസകൾ ഏർപ്പെടുത്തിയിട്ടുണ്ട്.... എന്നാൽ, ഞങ്ങളുടെ മദ്‌റസയും അൽ മദ്‌റസത്തുൽ ഇബ്തിദാഇയ്യ, അൽ മദ്‌റസത്തുസ്സാനവിയ്യ, അൽ മദ്‌റസത്തുൽ ഇൻതിഹാഇയ്യ എന്നിങ്ങനെ മൂന്ന് മർതബയാക്കി ഭാഗിച്ചിരിക്കുന്നു... അത് അറബിഭാഷ, അതിന്റെ സ്വർഫ്, നഹ്‌വ് മുതലായവ വ്യാകരണത്തോടുകൂടി ശരിയാകുംവണ്ണം സംസാരിപ്പാനും അതിനെ മലയാളത്തിലേക്കും മലയാളം അറബി ഭാഷയിലേക്കും നിഷ്പ്രയാസം പരിഭാഷപ്പെടുത്താനും ശീലിപ്പിക്കുക, ഇതിൽ മലയാള വ്യാകരണവും ഒരുവിധം കുട്ടികൾക്ക് മനസ്സിലായിപ്പോവുന്നതാണ്. തുടർന്നുകൊണ്ട് തസ്വവ്വുഫ്, അഖീദ, ഗണിതശാസ്ത്രം, ചരിത്രം, ഭൂമിശാസ്ത്രം, മലയാളം തുടങ്ങിയ വിവിധ വിഷയങ്ങൾ നവീന പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചതായി, പ്രസ്താവിച്ച ശേഷം കോഴ്സിന്റെ കാലാവധി പരാമർശിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു:

"ഇതിനെല്ലാം കൂടി അഞ്ചുകൊല്ലത്തെ കാലം നിശ്ചയിച്ചിരിക്കുന്നു. എന്നാൽ കുട്ടികളെ രക്ഷിതാക്കന്മാർ ശരിക്കയച്ചുകൊടുക്കുകയും ഞങ്ങൾ നിശ്ചയിച്ചിട്ടുള്ള രീതിക്കനുസരിച്ച് പഠിക്കുകയും ചെയ്തിരുന്നാൽ അഞ്ചു വർഷത്തിനുള്ളിൽ ഇതുകളെല്ലാം പഠിയുന്നതാണ് എന്നുള്ളതിൽ ഞങ്ങൾക്ക് സംശയമില്ല."

നോട്ടീസിന്റെ അവസാനത്തിൽ, ഈ പുതിയ പാഠ്യപദ്ധതിയെക്കുറിച്ച് വിശദമായി ചർച്ച നടത്താനും മറ്റുമായി പണ്ഡിതന്മാരുടെയും മറ്റു ജിജ്ഞാസുക്കളുടെയും ഒരു ചർച്ചാ സമ്മേളനം ഹിജ്റ 1334 റബീഉൽ ആഖിർ 8-ന് പുളിക്കൽ വെച്ച് ചേരാനുള്ള ഒരാഹ്വാനവും ചേർത്തിട്ടുണ്ട്.

1913-ലോ 14-ലോ ആണെന്നു തോന്നുന്നു മൗലാനാ വാഴക്കാട് വിട്ടത്. അതിനുശേഷം വളപട്ടണം ഇമ്പിച്ചിക്കോയ തങ്ങളുടെ ആവശ്യപ്രകാരം വളപട്ടണത്തേക്ക് പോയി. മൗലാനായുടെ ശിഷ്യന്മാർ അന്ന് നാട്ടിന്റെ നാനാഭാഗത്തും മദ്‌റസകൾ നടത്തിത്തുടങ്ങിയിരുന്നു. ആ സ്ഥലങ്ങളൊക്കെ മൗലാനാ സന്ദർശിക്കുകയും അതിനിടയിൽ തന്റെ പുസ്തകമെഴുതുന്ന ജോലി തുടരുകയും ചെയ്തു.

ബോർഡും ബെഞ്ചും ചോക്കും ബെല്ലുമെല്ലാമുപയോഗിച്ചുകൊണ്ടുള്ള കേരളത്തിലെ ഇന്നത്തെ മദ്‌റസാ പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ പ്രചാരകന്മാരായ മുസ്‌ല്യാക്കൾ അതിനെതിരായി നടത്തിയ സമരങ്ങളും ഫത്‌വകളും അനുസ്മരിക്കുമ്പോൾ നമുക്കത്ഭുതം തോന്നും. ഖുർആൻ ആയത്തുകൾ പോലും പച്ച മലയാളത്തിലെഴുതുന്ന അന്ന് ആര്യനെഴുത്ത് പഠിക്കുന്നതു തന്നെ ഹറാമാണെന്ന് 'ഫത്‌വ' നൽകിയിരുന്നു. ഈ ഫത്‌വ കാരണമായി കൊടിയത്തൂരിൽ ഒരെഴുത്തഛന്റെ കീഴിൽ പഠിച്ചുകൊണ്ടിരുന്ന പലരും അത് നിർത്തിയതായി ഒരനുഭവസ്ഥൻ പറഞ്ഞതോർക്കുന്നു.

എതിർപ്പുകളെയെല്ലാം അതിജീവിച്ച് നാട്ടിന്റെ നാനാഭാഗത്തും മദ്‌റസകൾ ഉയർന്നുവന്നപ്പോൾ ഒരു പുതിയ അടവോടെയാണ് യാഥാസ്ഥിതികർ അതിനെ നേരിട്ടത്. പെൺകുട്ടികളെ കൈയെഴുത്ത് പഠിപ്പിക്കുന്നത് ഹറാമാണെന്നായിരുന്നു പുതിയ ഉത്തരവ്. 1929-ൽ വാഴക്കാട് ദാറുൽ ഉലൂമിൽ പ്രധാനാധ്യാപകനായ മർഹൂം ഖുത്‌ബി മുഹമ്മദ് മുസ്‌ലിയാർ, താമരശ്ശേരി കുന്നിക്കൽ കുഞ്ഞഹമ്മദ് സാഹിബിന്റെ ചോദ്യത്തിന് മറുപടിയെന്ന നിലക്ക് ഒരു ഫത്‌വ നൽകി. 'സ്ത്രീകൾക്ക് എഴുത്ത് പഠിപ്പിക്കുന്നത് കറാഹത്താണെന്നും ഹറാമാണെന്നു ഖൗലുള്ളതുകൊണ്ട് മതത്തിൽ നിരോധിക്കപ്പെട്ടതാണെ'ന്നായിരുന്നു ഫത്‌വ. താമരശ്ശേരിയിൽ പുതിയ രീതിയിൽ നടത്തിവന്നിരുന്ന മദ്‌റസയിൽ ഫത്‌വ കാരണത്താൽ പലരും കുട്ടി

കളെ അയച്ചില്ല. മലബാറിലാകെയും ഇത് കോളിളക്കം സൃഷ്ടിച്ചു. ഈ ഫത്‌വയെ ആധാരമാക്കി മുസ്‌ലിയാർമാർ നാടാകെ വഅ്ളുകൾ സംഘടിപ്പിച്ചുകൊണ്ടിരുന്നു.

മൗലാനാ കുഞ്ഞഹമ്മദ് ഹാജിയുടെ മദ്റസാ പരിഷ്കരണ കാലത്ത് അദ്ദേഹത്തിന്റെ ഒരു വിദ്യാർഥിയായിരുന്ന ഖുത്‌ബി പരിഷ്കരണസംരംഭത്തെ ഇങ്ങനെ എതിർത്തുകൊണ്ട് ഫത്‌വ നൽകിയതിൽ പലരും അതിശയിക്കാതിരുന്നില്ല. മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ്, ഇ. മൊയ്തു മൗലവി, കെ.സി കോമുക്കുട്ടി മൗലവി തുടങ്ങിയവർ *അൽഅമീൻ*, *യുവലോകം* എന്നീ പത്രങ്ങളിൽ ഖുത്ബിയെ വിമർശിച്ചുകൊണ്ടെഴുതി. 'ഗുരുവിന്റെ മുഖത്ത് കരിവാരിത്തേക്കുകയോ' എന്ന അവയിലൊന്നിലെ തലക്കെട്ട് ഇപ്പോഴും ഞാനോർക്കുന്നു. കുറ്റ്യാടി എം. അബ്ദുല്ലക്കുട്ടി മൗലവിയും ഇ.കെ മൗലവിയും ഈ ഫത്‌വയെ ശക്തിയായി എതിർത്തവരിൽ പ്രധാനരാണ്.

മുമ്പുതന്നെ കേരളീയർക്കിടയിൽ പ്രചാരം നേടിക്കഴിഞ്ഞിരുന്ന, വക്കം മൗലവിയുടെ *അൽ ഇസ്‌ലാം* മാസികയിൽ 'സ്ത്രീകൾക്ക് കൈയെഴുത്ത് പഠിപ്പിക്കാമോ' എന്ന തലക്കെട്ടിൽ പ്രസിദ്ധീകൃതമായ സുദീർഘമായ ലേഖനം തദ്വിഷയകമായി ജനങ്ങളിൽ ബോധവും ഉദ്ബുദ്ധതയും സൃഷ്ടിക്കാൻ പര്യാപ്തമായിരുന്നു. തന്നിമിത്തം ഖുത്ബിയുടെയും മറ്റു മുസ്‌ലിയാക്കളുടെയും ഫത്‌വകൾ കൂടുതൽ ആപൽക്കരമായ ഫലങ്ങൾ ഉളവാക്കാതെ ക്രമേണ തീർത്തും പരാജയപ്പെടുകയാണുണ്ടായത്.

## പുതിയ മദ്റസകൾ

ഫത്‌വകൾ ഒന്നിനൊന്നു തുടർന്നു വന്നിട്ടും പരിഷ്കരണസംരംഭം പുരോഗമിക്കുക തന്നെ ചെയ്തു. മദ്റസകൾ സ്ഥാപിക്കാനും പഠനവിഷയങ്ങൾ തയാറാക്കാനുമായി വിവിധ ഭാഗങ്ങളിൽനിന്ന് മൗലാനാ കുഞ്ഞഹമ്മദ് ഹാജിയുടെ അടുത്ത് ആളുകൾ വന്നുകൊണ്ടിരുന്നു. പലേടത്തും പുതിയ മദ്റസകൾ തുടങ്ങി. മിക്ക സ്ഥലത്തേക്കും മൗലാനാ ആളെ അയച്ചുകൊടുക്കുകയും നേരിൽവന്ന് നിർദേശങ്ങൾ നൽകുകയും ചെയ്തു. പറവണ്ണ, പുളിക്കൽ, എറിയാട്, വളപട്ടണം, കൊടിയത്തൂർ, കോട്ടുമ്മൽ തുടങ്ങിയ സ്ഥലങ്ങളിലാണ് പുതിയ രീതിയിൽ ആദ്യമായി മദ്റസകൾ ആരംഭിച്ചത്.

(ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയാ കോളേജ് സുവനീറിൽ മർഹൂം സഗീർ മൗലവി എഴുതിയ ലേഖനത്തിൽനിന്ന്).